**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് ജില്ല – കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് - പമ്പ് ഓപ്പറേറ്ററുടെ നിയമനം - വേതനം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3108/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 22/09/2017

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 10.05.2017 ലെ ജി1 – 12047/2017 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ എസ്.റ്റി കോളനി നിവാസികൾക്ക് കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച് പഞ്ചായത്തിന് കൈമാറുകയും ചെയ്ത കുടിവെള്ള പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഒരു പമ്പ് ഓപ്പറേറ്ററെ താൽക്കാലികമായി തെരഞ്ഞെടുക്കുന്നതിനായി വട്ടച്ചിറ കോളനിയിലെ ഊരുകൂട്ടത്തെ ചുമതലപ്പെടുത്താനും ഊരുകൂട്ടം തിരഞ്ഞെടുക്കുന്ന പമ്പ് ഓപ്പറേറ്റർക്ക് 4500/- രൂപ വീതം പ്രതിമാസ ഓണറേറിയം തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ആയത് പ്രകാരം മൂന്ന് മാസത്തേക്ക് താൽക്കാലികമായി നിയമിക്കപ്പെട്ട പമ്പ് ഓപ്പറേറ്റർക്ക് തുടർന്നും വേതനം നൽകുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നുമാണ് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ എസ്.റ്റി കോളനിയിലെ കുടിവെള്ള പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് നിയമിച്ച പമ്പ് ഓപ്പറേറ്റർക്ക് പ്രതിമാസ ഓണറേറിയം 4500/- (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ വീതം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രസിഡന്റ്/സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോടഞ്ചേരി പി.ഒ, കോഴിക്കോട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.